"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**
**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

സർക്കുലർ നം.33/2024/ധന തിരുവനന്തപുരം, തീയതി. 07/06/2024

## സർക്കുലർ

വിഷയം:- ധനകാര്യ വകുപ്പ് - എസ്.എൽ.ഐ പോളിസി പ്രീമിയം മുടക്കം കൂടാതെ കിഴിവ് വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 16/11/1988 ലെ സ.ഉ(പി)നം.840/88/ധന ഉത്തരവ്.

വിവിധ കാരണങ്ങളാൽ മുടക്കം വരുന്ന എസ്.എൽ.ഐ പോളിസികൾ പുനരുജ്ജീവിപ്പിക്കാത്തതിനാൽ കാലഹരണപ്പെടുന്നതും അക്കാരണത്താൽ എസ്.എൽ.ഐ പോളിസിയുടെ അർഹമായ ആനുകൂല്യം ജീവനക്കാർക്ക് നഷ്ടപ്പെടുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എസ്.എൽ.ഐ ചട്ടം 20.3 പ്രകാരം തുടർച്ചയായി 6 മാസമോ അതിലധികം കാലമോ പ്രീമിയം മുടങ്ങിയാൽ പോളിസി കാലഹരണപ്പെടുന്നതും പ്രസ്തുത പോളിസിയിൽ ഇൻഷുറൻസ് പരിരക്ഷയ്ക്ക് അർഹതയില്ലാതാവുന്നതുമാണ്. കാലഹരണപ്പെടുന്നതിനു മുമ്പ് 36 മാസമെങ്കിലും തുടർച്ചയായി പ്രീമിയം അടവ് നടത്താത്ത പോളിസികളിന്മേൽ ഇൻഷ്വറൻസ് ചട്ടം 20.5 പ്രകാരം യാതൊരുവിധ ക്ലെയിമിനും അർഹതയില്ലാത്തതുമാണ്. കാലഹരണപ്പെടുന്ന പോളിസികൾ എസ്.എൽ.ഐ റൂൾ 21.1 പ്രകാരം കുടിശ്ശിക പ്രീമിയം പലിശ സഹിതം അടച്ച് പുനരുജ്ജീവിപ്പിച്ചാൽ മാത്രമേ പോളിസിയുടെ അർഹമായ ആനുകൂല്യം ലഭിക്കുകയുള്ളു.

മേൽ സാഹചര്യത്തിൽ എസ്.എൽ.ഐ പോളിസികളുടെ പ്രീമിയം ഒടുക്ക വിവരങ്ങൾ പാസ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തി ബന്ധപ്പെട്ട ഡി.ഡി.ഒ- യുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കുവാനും ആറ് മാസത്തിൽ കൂടുതൽ പോളിസി മുടക്കം വരികയോ, മുടക്കം വന്ന പ്രീമിയം പിഴപ്പലിശ കൂടാതെ ഒടുക്ക വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ കാലഹരണപ്പെട്ട പ്രസ്തുത പോളിസികൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഡി.ഡി.ഒ മുഖാന്തരം ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് ജീവനക്കാരെ അറിയിക്കുവാൻ എല്ലാ ഡി.ഡി.ഒ മാർക്കും നിർദ്ദേശം നൽകുന്നു. കൂടാതെ പുതുതായി പോളിസി എടുക്കുന്ന ജീവനക്കാർ ഏത് ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ നിന്നാണോ തങ്ങളുടെ പോളിസിയുടെ ആദ്യ പ്രീമിയം അടച്ച് പോളിസി എടുക്കുന്നത്, പ്രസ്തുത ഓഫീസിൽ നിന്നും പോളിസി നമ്പർ ലഭിച്ചിട്ടുണ്ടെന്നും, എസ്.എൽ.ഐ പോളിസിയിൽ അംഗത്വം എടുത്ത മാസത്തെ ശമ്പളം മുതൽ തന്നെ പ്രീമിയം കിഴിവ് നടത്തുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. പോളിസി സർട്ടിഫിക്കറ്റും

പാസ് ബുക്കും കാലതാമസം കൂടാതെ പോളിസി ഉടമയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ ജില്ലാ ഇൻഷ്വറൻസ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകുന്നു.

ഡി. കൃഷ്ണപ്രിയ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരളം, തിരുവനന്തപുരം
എല്ലാ മന്ത്രിമാരുടേയും പ്രതിപക്ഷ നേതാവിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ ഭരണ വകുപ്പുകൾക്കും
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഡി.ഡി.ഒ മാർക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് ( www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.(ഫയൽ നമ്പർ എസ്റ്റാ-ഡി2/136/2023-ധന ഇ 2636355)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.